Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

6261/എം./2017/കെ.എസ്.എച്ച്.ഓ. 20.07.2019

# പരിപത്രം

**വിഷയം : കുടുംബശ്രീ: തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നത് – തീരദേശ വോളന്റിയറുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 2019–20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച്**

സൂചന: 2019–20 സാമ്പത്തിക വർഷത്തെ കുടുംബശ്രീ വാർഷിക പദ്ധതി

കുടുംബശ്രീ തീരദേശ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ തീരദേശ പഞ്ചായത്തുകളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സൂചന പ്രകാരം പ്ലാൻ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 2017–2018 സാമ്പത്തിക വർഷം ഹോണറേറിയം അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള തീരദേശ വോളന്റീയർമാരുടെ സേവനം 2019–2020 സാമ്പത്തിക വർഷം തുടരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2019–2020 സാമ്പത്തിക വർഷത്തെ പ്രധാന പ്രവർത്തങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടുംബശ്രീ അയൽക്കൂട്ടത്തിൽ ഇനിയും അംഗമാകാത്ത കുടുംബങ്ങളെ അയൽക്കൂട്ട സംവിധാനത്തിൽ ഉൾപ്പെടുത്തുക.
2. പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുക.
3. ബാങ്ക് ലിങ്കേജ് അർഹതയുള്ള മുഴുവൻ അയൽക്കൂട്ടങ്ങളെയും ഗ്രേഡ് ചെയ്ത് ലിങ്കേജ് വായ്പ ലഭ്യമാക്കുക.
4. ഒരു കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാളെയെങ്കിലും വരുമാനദായക പ്രവർത്തനത്തിൽ ഉൾപ്പെടുത്തി കുടുംബത്തിന്റെ വരുമാനം വർധിപ്പിക്കുക.
5. തീരദേശ മേഖലയിലെ അർഹരായ യുവതി യുവാക്കളെ DDU-GKY പദ്ധതിയിൽ ഉൾപെടുത്തുക.
6. ഇതോടൊപ്പം തന്നെ പ്രവർത്തനത്തിൽ പിന്നോക്കം നിൽക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പ്രത്യേക പരിശീലനങ്ങൾ, അയൽക്കൂട്ടങ്ങളുടെ ഓഡിറ്റിംഗ്, എ.ഡി.എസ്സിന്റെ പ്രവർത്തങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ജില്ലാ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുകയും കൃത്യമായി നടപ്പിലാക്കുകയും ചെയ്യുക.
7. പ്രതിഭാതീരം, കായികതാരം പദ്ധതികൾ എല്ലാ സി.ഡി.എസിലും നടപ്പിലാക്കുക

## 1. ഇൻക്ലൂഷൻ

തീരദേശ മേഖലയിൽ ഇനിയും അംഗമാകാത്ത അയൽക്കൂട്ട സംവിധാനത്തിന് പുറത്തു നിൽക്കുന്ന കുടുബങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.



TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715, 0471 255 4716, 0471 255 4717
info@kudumbashree.org www.kudumbashree.org

*Table 1: Kudumbashree Inclusion in Coastal CDSs as on 31 March 2019*

| District | No of Coastal CDSs | No of COASTAL wards in the CDS | Total families in the coastal wards | Total NHGs as on 31 Mar. 2019 | Total NHG members | % of Coverage | No of left out families in coastal wards as on 31 Mar. 2019 | No of Potential new NHGs to be formed |
|---|---|---|---|---|---|---|---|---|
| Alappuzha | 15 | 96 | 38,690 | 1,952 | 29,901 | 77% | 8,789 | 439 |
| Ernakulam | 17 | 242 | 1,00,037 | 4,320 | 63,994 | 64% | 36,043 | 1,802 |
| Kannur | 8 | 80 | 25,443 | 844 | 12,379 | 49% | 13,064 | 653 |
| Kasargod | 9 | 55 | 26,492 | 613 | 9,212 | 35% | 17,280 | 864 |
| Kollam | 4 | 50 | 19,433 | 807 | 11,703 | 60% | 7,730 | 386 |
| Kozhikkod | 8 | 45 | 18,567 | 639 | 10,338 | 56% | 8,229 | 411 |
| Malapuram | 7 | 43 | 16,778 | 758 | 10,419 | 62% | 6,359 | 317 |
| Thrisur | 5 | 25 | 12,408 | 567 | 10,426 | 84% | 1,982 | 99 |
| Trivandrum | 9 | 66 | 27,879 | 1,545 | 23,299 | 84% | 4,580 | 229 |
| **Total** | **82** | **702** | **2,85,727** | **12,045** | **1,81,671** | **64%** | **1,04,056** | **5,200** |

ഇനിയും അംഗമാകാത്ത കുടുംബങ്ങളെ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- ഇനിയും കുടുംബശ്രീ സംവിധാനത്തിൽ അംഗമാകാത്ത കുടുംബങ്ങളുടെ ലിസ്റ്റ് വാർഡ് തിരിച്ച് ശേഖരിക്കുക.
- ലിസ്റ്റിൽ നിന്നും താല്പര്യമുള്ള കുടുംബങ്ങളെ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമാക്കുന്നതിനായി പ്രത്യേക വീട് സന്ദർശനം/യോഗങ്ങൾ ക്രമീകരിക്കുക.
- ഇപ്രകാരം താല്പര്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അംഗങ്ങളുടെ കൂടി താല്പര്യപ്രകാരം നിലവിലുള്ള അയൽക്കൂട്ടത്തിലോ ഇവർക്കായി സാധ്യമെങ്കിൽ പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയോ ചെയ്യുക.
- അയൽക്കൂട്ടം രൂപീകരിക്കുന്ന മുറക്ക് ബാങ്ക് അക്കൗണ്ട് ആരംഭിക്കുക, രജിസ്റ്ററുകൾ ലഭ്യമാക്കുക, സി.ഡി.എസ്സിലെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

**2. പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുക**

2018–19 സാമ്പത്തിക വർഷം പ്രവർത്തന രഹിതമായിരുന്ന അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. എന്നിരുന്നാലും ഇപ്പോഴും സി.ഡി.എസ്സുകളിൽ പ്രവർത്തരഹിതമായ

അയൽക്കൂട്ടങ്ങൾ നിലവിലുള്ളതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ജില്ല തിരിച്ചുള്ള പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

***Table 2: Kudumbashree Revival of defunct NHGs in Coastal CDSs as on 31 March 2019***

| District | Total NHGs as on 31 Mar. 2019 | No of Active NHGs as on 31 Mar. 2019 | TARGET Revival of defunct NHGs |
|---|---|---|---|
| Alappuzha | 1,952 | 1901 | 51 |
| Ernakulam | 4,320 | 4307 | 13 |
| Kannur | 844 | 812 | 32 |
| Kasargod | 613 | 597 | 16 |
| Kollam | 807 | 807 | 0 |
| Kozhikkod | 639 | 635 | 4 |
| Malapuram | 758 | 728 | 30 |
| Thrisur | 567 | 473 | 94 |
| Trivandrum | 1,545 | 1527 | 18 |
| **Total** | **12,045** | **11,787** | **258** |

ഓരോ സി.ഡി.എസ്സിലും പ്രവർത്തന രഹിതമായ അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- പ്രവർത്തന രഹിതമായ/നിലവിൽ അഫിലിയേഷൻ പുതുക്കാത്ത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് ശേഖരിക്കുക.
- സാധ്യമായ അയൽക്കൂട്ടങ്ങളുടെ പ്രത്യേക യോഗം സംഘടിപ്പിക്കുകയും പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പ്രവർത്തന സജ്ജമാക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ആവശ്യമെങ്കിൽ പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുക.

### 3. 100% ബാങ്ക് ലിങ്കേജ്

ബാങ്ക് ലിങ്കേജ് വായ്പ ലഭിക്കാൻ അർഹതയുള്ള വായ്പ ആവശ്യമുള്ള മുഴുവൻ അയൽക്കൂട്ടങ്ങളെയും ബാങ്കുമായി ലിങ്ക് ചെയ്ത് വായ്പ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2019–20 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ടതാണ്. തീരദേശ സി.ഡി.എസ്സുകളിലെ ലിങ്കേജ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*Table 3: Kudumbashree Bank Linkage Details in Coastal CDSs as on 31 March 2019*

| District | Total NHGs as on 31 Mar. 2019 | No of Active NHGs as on 31 Mar. 2019 | Total No of NHGs Linked (cumulative) as on 31 Mar. 2019 | Total Loan Amount (cumulative) as on 31 Mar. 2019) Rs. In Crore | No of NHGs have LIVE linkage as on 31 Mar. 2019 | No of Potential NHGs for Linkage |
|---|---|---|---|---|---|---|
| Alappuzha | 1,952 | 1901 | 1417 | 258.85 | 942 | 959 |
| Ernakulam | 4,320 | 4307 | 3759 | 174.46 | 3048 | 1259 |
| Kannur | 844 | 812 | 667 | 27.17 | 469 | 343 |
| Kasargod | 613 | 597 | 499 | 25.74 | 336 | 261 |
| Kollam | 807 | 807 | 625 | 16.51 | 511 | 296 |
| Kozhikkod | 639 | 635 | 417 | 12.57 | 313 | 322 |
| Malappuram | 758 | 728 | 609 | 12.30 | 417 | 311 |
| Thrissur | 567 | 473 | 379 | 17.45 | 400 | 73 |
| Trivandrum | 1,545 | 1527 | 1437 | 142.82 | 1261 | 266 |
| **Total** | **12,045** | **11,787** | **9,809** | **687.87** | **7,697** | **4,090** |

ലിങ്കേജ് വായ്പ ലഭ്യമാകാത്ത അയൽക്കൂട്ടങ്ങളെ ലിങ്ക് ചെയ്യുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

- സി.ഡി.എസ്സിലെ ലൈവ് ലിങ്കേജ് വായ്പ ഇല്ലാത്ത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് ശേഖരിക്കുക.
- പ്രസ്തുത ലിസ്റ്റിലെ 2019-20 സാമ്പത്തിക വർഷം വായ്പ ആവശ്യമുള്ള അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. ഈ അയൽക്കൂട്ടങ്ങളുടെ എസ്.ബി. അക്കൗണ്ടുള്ള ബാങ്ക് ബ്രാഞ്ച് വിവരങ്ങൾ ഉൾപ്പെടെ ശേഖരിക്കേണ്ടതാണ്.
- പ്രസ്തുത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് ബാങ്ക് തിരിച്ച് ക്രോഡീകരിച്ച് തയ്യാറാക്കുകയും ബന്ധപ്പെട്ട ബാങ്ക് മാനേജർമാരുമായി സംസാരിച്ച് ലിങ്കേജ് വായ്പ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക
- ബാങ്കിന്റെ സഹായത്തോടു കൂടി അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തീകരിക്കുകയും ഗ്രേഡിംഗ് പാസ്സാകുന്ന അയൽക്കൂട്ടങ്ങളുടെ ബാങ്ക് വായ്പക്കുള്ള അപേക്ഷ ബാങ്ക് ബ്രാഞ്ചുകളിൽ സമർപ്പിക്കുകയും ചെയ്യുക.
- ഗ്രേഡിംഗ് പാസ്സാകാത്ത അയൽക്കൂട്ടങ്ങളെ അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ/നടപടികൾ സ്വീകരിക്കുകയും മൂന്ന് മാസത്തിനു ശേഷം വീണ്ടും ഗ്രേഡിങ്ങിലേക്ക് എത്തിക്കുകയും ചെയ്യുക.
- ബാങ്ക് ബ്രാഞ്ചുകളിൽ സമർപ്പിക്കുന്ന അപേക്ഷകളുടെ പുരോഗതി ബാങ്ക് മാനേജർമാരുമായി ചർച്ച ചെയ്യുകയും വായ്പകൾ സമയ ബന്ധിതമായി അനുവദിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.

- വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടങ്ങളുടെ തിരിച്ചടവ് മോണിറ്റർ ചെയ്യുകയും 100% വായ്പ തിരിച്ചടവ് ഉറപ്പാക്കുകയും ചെയ്യുക.

4. **ഉപജീവന പ്രവർത്തനങ്ങൾ**

തീരദേശ മേഖലയിലെ അയൽക്കൂട്ട കുടുംബങ്ങളിൽ ഒരു കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാളെയെങ്കിലും ഉപജീവന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് 2019–20 ലെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്ന്. തീരദേശ മേഖലയിലെ സി.ഡി.എസ്സുകളിലെ ജില്ല തിരിച്ചുള്ള സംരംഭങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

***Table 4: Kudumbashree Micro Enterprises details in Coastal CDSs***

| District | Total Number of Micro Enterprises (Active Only) as on 31 Mar. 2019 | | | No of Existing MEs Need any financial assistance? (TF, IF, CMF, SDA etc.) | |
|---|---|---|---|---|---|
| | Individual ME | Group ME | Members in ME | Individual ME | Group ME |
| Alappuzha | 24 | 96 | 530 | 11 | 24 |
| Ernakulam | 454 | 328 | 2069 | 196 | 147 |
| Kannur | 86 | 36 | 252 | 31 | 5 |
| Kasargod | 64 | 32 | 212 | 39 | 28 |
| Kollam | 39 | 34 | 226 | 49 | 35 |
| Kozhikkod | 34 | 13 | 96 | 20 | 11 |
| Malappuram | 28 | 32 | 182 | 27 | 16 |
| Thrissur | 44 | 33 | 200 | 42 | 32 |
| Trivandrum | 75 | 327 | 1732 | 0 | 0 |
| **Total** | **848** | **931** | **5,499** | **415** | **298** |

- നിലവിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളിൽ കുടുംബശ്രീയുടെ തുടർ സഹായങ്ങൾ ആവശ്യമുള്ള സംരംഭങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
- ഓരോ സംരഭത്തിനും ആവശ്യമായ സഹായങ്ങൾ (ധന സഹായം ഉൾപ്പെടെ) ഏതെന്നു തീരുമാനിക്കുകയും കുടുംബശ്രീ ധനസഹായങ്ങൾക്കാവശ്യമായ (റിവോൾവിംഗ് ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, ടെക്നോളജി ഫണ്ട് തുടങ്ങിയവ) അപേക്ഷകൾ എം.ഇ.സിയുടെ സഹായത്തോടെ തയ്യാറാക്കുകയും ജില്ലാ മിഷന് തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്യുക.
- ബാങ്ക് വായ്പ ആവശ്യമുള്ള സാഹചര്യത്തിൽ പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എം.ഇ.സിയുടെ സഹായത്തോടെ പൂർത്തീകരിച്ചതിന് ശേഷമായിരിക്കണം അപേക്ഷകൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

- ഓരോ അയൽക്കൂട്ട കുടുംബത്തിൽ നിന്നും സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള ആളുകളെ കണ്ടെത്തുകയും ആവശ്യമായ ജി.ഓ.റ്റി. പരിശീലനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- ജി.ഓ.റ്റിയിൽ നിന്നും താല്പര്യമുള്ളവരുടെ ലിസ്റ്റ് ശേഖരിച്ച് തുടർ പ്രവർത്തനങ്ങളായ ഇ.ഡി.പി., സ്കിൽ തുടങ്ങിയവയിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- എം.ഇ.സിയുടെ സഹായത്തോടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- ഇപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ഹാൻഡ്ഹോൾഡിംങ്ങ്/തുടർ സഹായങ്ങൾ നൽകുക.

5. **തീരദേശ മേഖലയിലെ അർഹരായ യുവതി യുവക്കളെ DDU-GKY പദ്ധതിയിൽ ഉൾപ്പെടുത്തുക**

- സി.ഡി.എസ്സ് തലത്തിൽ തീരദേശ മേഖലയിലെ യുവതി യുവാക്കൾക്കായി മൊബിലൈസേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- അർഹരായ താല്പര്യമുള്ള യുവതി യുവാക്കളെ ഏജൻസികളുമായി ബന്ധപ്പെടുത്തി തൊഴിൽ പരിശീലനവും ജോലിയും ഉറപ്പാക്കുക.

***Table 5: Kudumbashree Micro enterprises - Target 2019-20***

| District | Group MEs | Individual MEs | Total Members in ME | No of Youths to be mobilized in DDU-GKY programme |
|---|---|---|---|---|
| Alappuzha | 131 | 75 | 539 | 903 |
| Ernakulam | 113 | 218 | 766 | 855 |
| Kannur | 25 | 34 | 148 | 81 |
| Kasargod | 20 | 20 | 105 | 154 |
| Kollam | 20 | 36 | 149 | 295 |
| Kozhikkod | 24 | 54 | 181 | 248 |
| Malappuram | 39 | 25 | 208 | 111 |
| Thrissur | 25 | 60 | 241 | 68 |
| Trivandrum | 77 | 42 | 450 | 466 |
| **Total** | **474** | **564** | **2,787** | **3,181** |

6. **ഫിനാൻഷ്യൽ ലിറ്ററസി ക്യാമ്പയിൻ, അയൽക്കൂട്ട പരിശീലനങ്ങൾ എന്നിവ.**

- സാമ്പത്തിക സാക്ഷരത ആവശ്യമുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും ബാങ്കുകൾ, റിസോഴ്സ് പേഴ്സൺമാർ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലേഴ്സ് എന്നിവരുടെ സഹായത്തോടെ ബാങ്കിങ് സാക്ഷരത ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യുക.
- പ്രവർത്തനത്തിൽ പിന്നോട്ട് നിൽക്കുന്ന അയൽക്കൂട്ടങ്ങളെ കണ്ടെത്തുകയും ഇവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സി.ഡി.എസ്സ്, എ.ഡി.എസ്സ്. എന്നിവയുടെ നേതൃത്വത്തിൽ നടപ്പിലാക്കുകയും ചെയ്യുക.
- അയൽക്കൂട്ടങ്ങളുടെ ഓഡിറ്റിംഗ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുക.

***Table 6: No of NHGs need Special Training and Financial Literacy***

| District | No of NHGs need special Capacity Building training |
|---|---|
| Alappuzha | 657 |
| Ernakulam | 646 |
| Kannur | 687 |
| Kasargod | 123 |
| Kollam | 175 |
| Kozhikkod | 635 |
| Malappuram | 417 |
| Thrissur | 374 |
| Trivandrum | 582 |
| **Total** | **4,296** |

7. **സാമൂഹിക, സാംസ്ക്കാരിക, ആരോഗ്യ മേഖലകളുടെ ഉന്നമനം**

- എല്ലാ തീരദേശ സി.ഡി.എസുകളിലും പോലീസ്, സന്നദ്ധ സംഘടനകൾ, വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സഹായത്തോടെ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുക.
- സ്ത്രീകൾക്കും കുട്ടികൾക്കുമായി എല്ലാ സി.ഡി.എസിലും കുറഞ്ഞത് ഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.

**A. പ്രതിഭാതീരം പദ്ധതി**

- വായനശാലകൾ കേന്ദ്രീകരിച്ച് അഞ്ചു മുതൽ പത്തു വയസ്സുവരെ ക്ലാസുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്കായി സായാഹ്നങ്ങളിൽ പ്രത്യേക ട്യൂഷൻ ക്ലാസുകളും കരിയർ ഓറിയന്റേഷൻ പരിപാടികളും സംഘടിപ്പിക്കേണ്ടതാണ്. **പ്രതിഭാതീരം** എന്നായിരിയ്ക്കും ഈ പദ്ധതി അറിയപ്പെടുക.
- വായനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്കൂൾ ക്ലാസ് മുറികൾ, പൊതു ഹാളുകൾ, സ്വകാര്യ കെട്ടിടങ്ങൾ (സൗജന്യമായി ലഭിയ്ക്കുന്നത്) എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.
- അധ്യാപകരായി സന്നദ്ധ സേവനം ചെയ്യാൻ താല്പര്യമുള്ള വ്യക്തികളെയാണ് ചുമതലപ്പെടുത്തേണ്ടത്. റിട്ടയർ ചെയ്ത അധ്യാപകർ, വിദ്യാസമ്പന്നരായ വീട്ടമ്മമാർ, അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ എന്നിവരെ അധ്യാപകരായി കണ്ടെത്താവുന്നതാണ്.
- പഠിതാക്കൾക്ക് ലഘു റിഫ്രഷ്മെന്റിനുള്ള തുക അയൽക്കൂട്ടങ്ങളുടെ സ്പോൺസർഷിപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, സ്വകാര്യ വ്യക്തികൾ, ബാങ്കുകൾ, സ്ഥാപനങ്ങൾ എന്നിവരുടെ സ്പോൺസർഷിപ്പ് എന്നിവയിലൂടെ കണ്ടെത്താവുന്നതാണ്.

**B. കായികതീരം**

- തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്പോർട്സ് കൗൺസിൽ, യുവജനക്ഷേമ ബോർഡ്, യുവജന ക്ലബ്ബുകൾ, സ്വകാര്യ ഏജൻസികൾ എന്നിവരുടെ സഹായത്തോടെ കുട്ടികൾ, കൗമാരക്കാർ, യുവതീ യുവാക്കൾ എന്നിവർക്കായി കായിക പരിശീലനം സംഘടിപ്പിക്കേണ്ടതാണ്. ജീവിതത്തിൽ ലക്ഷ്യബോധമുള്ളവരാക്കി യുവജനതയെ മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. **കായികതീരം** എന്നായിരിയ്ക്കും ഈ പദ്ധതി അറിയപ്പെടുക.

**8. തീരദേശ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്**

- മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുമായി ബന്ധപെട്ട് തീരദേശ മേഖലയിലെ ഈ പ്രവർത്തനങ്ങൾക്കായി ഒരു അയൽക്കൂട്ടത്തിന് പരമാവധി 1,000 രൂപ വരെ എന്ന നിരക്കിൽ ചിലവഴിക്കാവുന്നതാണ്.
- പ്രതിഭാതീരം, കായികതാരം പദ്ധതികൾക്കായി ഒരു സി.ഡി.എസ്സിന് ആകെ 50,000 രൂപ വരെ ചിലവഴിക്കാവുന്നതാണ്.
- തീരദേശ മേഖലയിലെ പ്രസ്തുത പ്രവർത്തനങ്ങൾക്കാവശ്യമായ തുക എൻ.ആർ.എൽ.എം. ലെ **Strengthening of Coastal CDSs - ORG 15** എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ജില്ല തിരിച്ച് വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*Table 7: Fund Allocation details - District wise 2019-20*

| Sl No | Districts | No of Coastal CDSs | Fund for CDS/ADS level Activities in Coastal CDSs | Fund allocation for "Prathibhatheeram" & "Kayikatheeram" | Total |
|---|---|---|---|---|---|
| 1 | Trivandrum | 9 | 15,39,000 | 4,50,000 | 19,89,000 |
| 2 | Kollam | 4 | 9,09,000 | 2,00,000 | 11,09,000 |
| 3 | Alappuzha | 15 | 19,52,000 | 7,50,000 | 27,02,000 |
| 4 | Ernakulam | 17 | 42,65,000 | 8,50,000 | 51,15,000 |
| 5 | Thrissur | 5 | 5,38,000 | 2,50,000 | 7,88,000 |
| 6 | Malappuram | 7 | 8,54,000 | 3,50,000 | 12,54,000 |
| 7 | Kozhikkod | 8 | 6,41,000 | 4,00,000 | 10,41,000 |
| 8 | Kannur | 8 | 8,47,000 | 4,00,000 | 11,97,000 |
| 9 | Kasargod | 9 | 6,15,000 | 4,50,000 | 10,65,000 |
| | **TOTAL** | **82** | **1,21,60,000** | **41,00,000** | **1,62,60,000** |

KUDUMBASHREE PROJECT - POVERTY ERADICATION MISSION
Govt. of Kerala
Thiruvananthapuram

20/1/1.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക്
ബന്ധപ്പെട്ട തീരദേശ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് (ഡി.എം.സി. മുഖേന)

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർ/സി.ഓ.ഓ.
2. എല്ലാ പ്രോഗ്രാം മാനേജർമാർക്കും
3. എല്ലാ അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർക്കും
4. എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും
5. എല്ലാ തീരദേശ കമ്മ്യൂണിറ്റി വോളന്റീയർമാർക്കും